Traditional Songs
Chantham Charthu Songs
Mylanchi Songs
Wedding Reception Songs
Wedding Related Prayers
Wedding Customs
Prayers



# മാർഗ്ഗം കളിക്കാർ പാടാറുള്ള ചില പരിചമുട്ടുകളിപ്പാട്ടുകളും നാടോടിപ്പാട്ടുകളും

## രംഗപൂജ

1 പണ്ടുതാതൻ തോമ്മാശ്ലീഹാ
തന്ന സത്യ മാർഗ്ഗദീപം
താണു വീണു വണങ്ങുന്നു
സാദരം ഞങ്ങൾ തതീത്തിത്തെയ്

കച്ചകെട്ടി തൊങ്ങലിട്ട്
പട്ടുമുണ്ടും വട്ടംകെട്ടി
ചട്ടതൊപ്പി കുപ്പായങ്ങൾ
തൊപ്പിക്കുമീതെ, തതീത്തിതെയ്

നാഥൻ തന്റെ ചുവടു നോക്കി
ദിവ്യദീപം കയ്യിലേന്തി
വന്നണഞ്ഞു നീയിനാട്ടിൽ
കടലുകൾ താണ്ടി തതീത്തിതെയ്

2 അക്കാലം ബാവാ തന്റെ.... (പേജ് 23)

3 നവശതകൊല്ലം തൊണ്ണൂറ്റഞ്ചിൽ (പേജ് 103)

4 കിളിമകളെ ബാലേ കിളിക്കിടാവേ-തെയ് തെയ്
എങ്ങുന്നു വന്നു കിളിക്കിടാവെ
തൃക്കാക്കരയിന്നു വന്നു ഞാനും
തൃക്കാക്കരയിലൊരു വാർത്ത ചൊല്ലാം
നെല്ലിനു നൂറു വിളവുമുണ്ട്
പൊന്നിനു പത്തര മാറ്റുമുണ്ടേ
തെക്കു തെക്കു ഞാൻ പോയി നിന്ന കാലം
ഓണം കണ്ട് ഓണപ്പടയും കണ്ട്
രൂപൈ രൂപൈ രൂപൈയ്യേ നിന്നടി തന്നാൾ
യേശുനാഥന്റെ രൂപൈയ്യേ ഇരുന്നടി

5 കനിയുണ്ട്, കനിയുണ്ട്, കനിയുണ്ടു കാട്ടിൽ
ആ കനി തിന്നെറിഞ്ഞൊരു കുരുവുണ്ടാ കാട്ടിൽ
ആ കുരു മുളച്ചൊരു ചെടിയുണ്ടാ കാട്ടിൽ
ആ ചെടി വളർന്നൊരു മരമുണ്ടാ കാട്ടിൽ
ആ മരം കാണാൻ വന്നൊരു പരദേശി കപ്പിത്താൻ
ആ മരം വെട്ടാൻ വന്നൊരു പരദേശി കപ്പിത്താൻ
ഒരു മഴുവെറിഞ്ഞപ്പോൾ ആ മരം കുലുങ്ങി
രണ്ടു മഴുവെറിഞ്ഞപ്പോൾ ആ മരം ഞടുങ്ങി
മൂന്നു മഴുവെറിഞ്ഞപ്പോൾ ആ മരം ചെരിഞ്ഞു
നാലു മഴുവെറിഞ്ഞപ്പോൾ ആ മരം വീണു
ആ മരം വെട്ടിയിട്ടൊരു മത്സ്യക്കപ്പലു തീർത്തു
അതിന്മേൽ എന്തെല്ലാം വാണിഭമുണ്ടെന്നോ
ഇഞ്ചി, മഞ്ഞള്, ചുക്ക്, അടയ്ക്കാ അടയ്ക്കാക്കത്തി കരണ്ടേകം
പുട്ടുമല്ല പുത്തരിയല്ല പുത്തൻചെപ്പടി കണ്ണാടി

6 ഇടിയോ പൊടിയോ ചെറുപിള്ളേർ കളിയോ
പാത്താനടിയോ കലമാൻ ചിമടോ
താമരയിൽ വന്നിരുന്നൊരു വണ്ടു മുരുകുന്നേ
വണ്ടുമല്ല തുമ്പീമല്ല തെക്കേരുടെ ആന
തെക്കേരുടെ ആനയല്ലടോ തിന്നുമദിച്ചു നടക്കുന്നേൻ (2)
തക തിത്തെയ്, താം, താകോം, തരികിട, തിമൃതത്തെയ്

7 കൊക്കെല്ലാം പറന്നും പോയ്
പുഞ്ചക്കണ്ടം തന്നിൽ വീണ്
കൊത്തീട്ടും പെറുക്കീട്ടും തിന്നില്ല കൊക്ക്

തതെയ്യത്ത–2

തവിട്ടു കൊക്കു പറയുന്നു, വെള്ളക്കൊക്കൊണ്ടതിനോട്
കരിമാൻ കുയിലിന്റെ വരവുണ്ടെന്ന്

തതെയ്യത്ത–2

വലിയൊരു മരത്തിന്മേൽ ചെറിയൊരു കൊമ്പത്ത്
വലിപ്പത്തിൽ കൂടും കെട്ടീട്ടിരിക്കും കൊക്ക്

തതെയ്യത്ത–2

ചെറിയൊരു മരത്തിന്മേൽ വലിയൊരു കൊമ്പത്ത്
ചെറുപ്പത്തിൽ കൂടുംകെട്ടീട്ടിരിക്കും കൊക്ക്

തതെയ്യത്ത–2

പച്ചനെല്ലിൻ കതിർകൊത്തി പറക്കും പൈങ്കിളിതത്തേ
നീയല്ലോ പൊന്നാരം പൊൻ കളരികണ്ട്

തതെയ്യത്ത–2

(തകൃതത്തോ, തകൃതോം
തിമ തിമി താം ത
തെയ് തെയ്
തൊങ്ങം തിക്ക തരിങ്ങിണം തോ.....)

8 ഒരായിരം കുന്നിന്മേൽ ഒന്നല്ലോ കിളി തത്തമ്മേ,
അത്തികിതെയ്
തത്തമ്മേ കിളി തത്തമ്മേ, തത്തമ്മേ കിളി തത്തമ്മേ
ആശാനും നല്ല ശിഷ്യരുമായ് താണു വീണു കളിക്കുന്നേ
താണുവീണു കളിക്കിലോ കളിയൊന്നുപോലെയിരി
ക്കണെ
വന്നിട്ടും ജനം നിന്നിട്ടും ജനം ഭംഗിയോടിതു കാണണേ
ഭംഗിയോടിതു കാണുകിലോ മംഗളങ്ങളും പാടണേ
നാരിയെന്ന മലമുകളിൽ എൻ മക്കൾ വസിക്കുമ്പോൾ
കുണുങ്ങി കുണുങ്ങി, കുണുങ്ങി കുണുങ്ങി താണിടും
കളി തത്തമ്മേ
ഒരായിരം..........

(തകൃത തോം തകൃതോം
തിമി തിമി താം ത
തെയ് തെയ്
തൊങ്ങു തിക തരി തോം)

(ഈ നാടോടിപ്പാട്ടുകൾ അല്പസ്വല്പ വ്യത്യാസങ്ങളോടെ പാടാറുണ്ട്)